# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആർ സി എൽ പി സ്കൂൾ
## ചുണ്ടേൽ
## 2025-2026



# വിദ്യാലയ ചരിത്രം

കൊടുംതണുപ്പും, വന്യമൃഗങ്ങളും, മലമ്പനിയും ഭീഷണികളുയർത്തി യിരുന്ന ചുണ്ടേൽ പ്രദേശത്തെ മനോഹരമായ മലനിരകളിൽ 18-ാം നൂറ്റാ ണ്ടിന്റെ അന്ത്യപാദത്തിൽ തന്നെ ബ്രിട്ടീഷുകാർ തേയിലച്ചെടികൾ നട്ടുപിടി പ്പിച്ചു. തോട്ടങ്ങളിൽ പണിയെടുക്കുന്നതിന് വേണ്ടി ആദി കർണാടകക്കാർ, തമിഴർ, കൊങ്ങിണികൾ, കോട്ടയം തൃശൂർ ജില്ലകളിൽ നിന്നുള്ള ക്രിസ്ത്യാ നികളായ കുടിയേറ്റക്കാർ തുടങ്ങിയവർ ഇവിടെ എത്തിച്ചേർന്നു. പിന്നീട് കച്ച വടക്കാരും തൊഴിലാളികളുമായി മലപ്പുറത്തുനിന്നും തലശ്ശേരിയിൽ നിന്നും മുസ്ലിംകളും ഇവിടെയെത്തി.

തികച്ചും പ്രതികൂലമായ പ്രകൃതിയോടും കാലാവസ്ഥയോ പടവെട്ടി അജ്ഞതയും, ദാരിദ്ര്യവും, കഷ്ടപ്പാടുമായി ഈ സങ്കട... ജനത ചുണ്ടേൽ പ്രദേശത്ത് താമസമുറപ്പിച്ചു. അവരുടെ മക്കൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തി നുള്ള സൗകര്യം പോലും ഇവിടെയില്ലായിരുന്നു. അവർക്ക് അക്ഷര വെളിച്ചം പകർന്നു നൽകാൻ ഇറ്റാലിയ വൈദീകനായ റവ. ഫാ. ബെരേറ്റ തീരുമാനി ച്ചു. അദ്ദേഹത്തിൻ്റെ നിർദ്ദേശപ്രകാരം കോവിൽപിള്ള രാജൻ മേസ്തിരി എന്ന യാൾ 1924ൽ ചുണ്ടേൽ അങ്ങാടിയിൽ ഒരു ഓലപ്പുരയിൽ ഏഴ് വിദ്യാർത്ഥിക ളുമായി ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ആർ.സി.എൽ.പി. സ്കൂൾ.

1930 കളുടെ തുടക്കത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. 1932ൽ ഫാ. സെബാസ്റ്റ്യൻ നൊറോണ സ്കൂളിന് ഗവൺമെൻ്റിൽ നിന്നും അംഗീകാരം നേടി യെടുത്തു. 1952ൽ ഈ വിദ്യാലയം ഹയർ എലിമെൻ്ററി സ്കൂൾ ആയി. അങ്ങനെ ഈ പ്രദേശത്തെ കുട്ടികൾക്ക് എട്ടാം ക്ലാസ് വരെ ഇവിടെത്തന്നെ പഠിക്കാൻ സാധിച്ച, ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. അപ്പോൾ 5-ാം ക്ലാസ് മുതൽ ഹൈസ്കൂളിൻ്റെ ഭാഗമായി മാറി. ഒന്ന് മുതൽ നാലുവരെ ആർ.സി. എൽ.പി. സ്കൂളുമായി 2009ൽ അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാ വിൻ്റെ പ്രത്യേക താൽപര്യത്തിൽ ഈ വിദ്യാലയത്തിന് മനോഹരമായ മൂന്ന് നില കെട്ടിടം പണിതു.

2001-ൽ ഇവിടെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങി. 2011ൽ പ്രീപ്രൈ മറി ആരംഭിച്ചു. രണ്ട് തവണ ഈ വിദ്യാലയത്തിലെ പി.ടി.എക്ക് സബ് ജില്ല യിലെ മികച്ച പി.ടി.എയ്ക്കുള്ള അവാർഡ് ലഭിച്ചു. വയനാട് ജില്ലയിലെ പ്രവേശന കവാടത്തിൽ നിന്നും 9 കി. മീറ്റർ അകലെയായി വൈത്തിരി ഗ്രാമപഞ്ചാ യത്തിൻ്റെ കീഴിലുള്ള ചുണ്ടേൽ ആർ.സി.എൽ.പി. സ്കൂൾ ഊട്ടി റോഡിന്റെയും മൈസൂർ റോഡിൻ്റെയും ഇടയിലായി സ്ഥിതി ചെയ്യുന്നു. പച്ച പരവതാനി വിരിച്ച തേയിലക്കാടുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഈ വിദ്യാലയത്തിന്നടു ത്തായി ക്രിസ്ത്യൻ - മുസ്ലിം - ഹിന്ദു ആരാധനാലയങ്ങൾ സ്ഥിതി ചെയ്യു അതിനാൽ നാനാ ജാതി മതവിഭാഗത്തിൽപ്പെട്ട കുട്ടികൾ ഈ വിദ്യാലയത്തിൽ നിന്ന് അറിവ് നേടുന്നു. 102-ാം വർഷത്തിലേക്ക് കാലെടുത്തുവെച്ചിരിക്കുന്ന ഈ വിദ്യാലയം ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാ ലയങ്ങളിലൊന്നാണ്.

ഇന്ന് ഈ വിദ്യാലയത്തിൽ ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലായി 14 ഡിവിഷനുകളിൽ 527 കുട്ടികളും 16 അധ്യാപകരുമുണ്ട്. പ്രീ-പ്രൈമറി വിഭാ ഗത്തിലായി 157 കുട്ടികളും ആറ് അധ്യാപക അനധ്യാപകരുണ്ട്. ഗോത്ര വിഭാ ഗങ്ങളുടെ ഉന്നമനത്തിനായി ഒരു മെൻ്റർ ടീച്ചറും ഇവിടെ പ്രവർത്തിക്കുന്നു. പി.ടി.എ. എസ്.എസ്.ജി, എസ്.എം.സി, മാനേജ്മെൻ്റ് എന്നി വരുടെ സഹായ സഹകരണത്തോടെ ഈ വിദ്യാലയം നല്ലപോലെ പ്രവർത്തിച്ചുവരുന്നു.

## ആമുഖം

2025-26 അധ്യയന വർഷത്തിൽ ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപന ചെയ് തിട്ടുള്ളത്. കുട്ടികളിലുണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക. സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ, പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

## ഒന്നാം ക്ലാസ്

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത് വായന വിവിധ വ്യവഹാരൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടി ശേഷി കൈവരിക്കേണ്ടത് ആയിട്ടുണ്ട് അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് അക്കാദമിക് മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറായിരിക്കുന്നത് ഈ അധ്യായനവർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

## ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക
എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പ് വരുത്തുക രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനാലാണ് ലഘു രചന ശില്പശാലകൾ നടത്തുന്നു തിയേറ്റർ സാധ്യതകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ചെറുകഥകൾ എഴുതുന്നു വായിക്കുന്നു
കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു സർഗ്ഗശേഷികൾ കൈവരിക്കുന്നു. പാട്ടങ്ങ് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനുംശേഷിയുള്ളവരായി തീരുന്നു സചിത്ര പുസ്തകം തയ്യാറാക്കുന്നു . സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു

## ജൂൺ
## പ്രവർത്തനങ്ങൾ

സചിത്ര നോട്ട് ബുക്ക് സചിത്ര ആസൂത്രണം അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ

സചിത്ര ഡയറി സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക

അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം

ചിത്ര കാർഡുകൾ വായന കാർഡുകൾ നിർമ്മാണ ശില്പശാല

താളത്മകമായി ചെറുകവിതകൾ ചൊല്ലൽ

## ജൂലൈ
## പ്രവർത്തനങ്ങൾ

സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ

കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ വായന മൂല ക്ലാസ്സ് ലൈബ്രറി ഒരുക്കൽ
രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു

പുസ്തകങ്ങൾ തൊട്ടറിയാനും നോക്കാനും അവസരം ഒരുക്കുന്നു ചെറിയ കഥകൾകേൾക്കാൻ അവസരം ഒരുക്കുന്നു അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു

ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു വാചകമായി പറയാനും അവസരം നൽകുന്നു

## ഓഗസ്റ്റ്
## പ്രവർത്തനങ്ങൾ

റീഡേഴ്സ് തിയേറ്റർ നിർമ്മാണ ശില്പശാല മലയാളം മധുരം പ്രവർത്തനങ്ങൾ

ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു സംയുക്ത ഡയറി എഴുത്ത് തുടരുന്നു
പാഠപുസ്തകത്തിലെ രചനകൾഭാവാത്മകമായിഅവതരിപ്പിക്കുന്നു

രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു
ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു

ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ
## പ്രവർത്തനങ്ങൾ

സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു

അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു

വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു

## ഒക്ടോബർ
## പ്രവർത്തനങ്ങൾ

വായനോത്സവം സംഘടിപ്പിക്കുന്നു

ആസ്വാദ്യകരമായ വായന നടത്തുന്നു

ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു

രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു

ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായോ അവതരിപ്പിക്കുകയും ചെയ്യുന്നു

ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു

## നവംബർ
## പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു
* കൂട്ട വായന നാട്ടുവായന വീട്ടു വായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം തുടങ്ങുന്നു
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ.
* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതൽ ആക്കുന്നു
* ചിത്ര വായന നടത്തുന്നു
* ചെറിയ വായനാ കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
* ചെറുകഥകൾ പങ്കിട്ടു കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിനു ചേർന്ന കഥകൾ എഴുതിക്കുന്നു ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ
## പ്രവർത്തനങ്ങൾ

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
* രചന ശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതുവാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു

## ജനുവരി
## പ്രവർത്തനങ്ങൾ

* ലഘുരചന ശില്പശാലകൾ നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോ ആയി സൂക്ഷിക്കുന്നു
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി
## പ്രവർത്തനങ്ങൾ

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

## മാർച്ച്
## പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
* രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
* മികവുകൾ സമൂഹത്തിന് മുന്നിലെത്തിക്കുന്നു
* എല്ലാ കുട്ടികളെയും സചിത്രപാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കുന്നു.

# English
# Class 1

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart. The academic master plan is designed to ensure that not a single child goes illiterate

.

## Objectives and learning outcomes

* Respond to simple instructions in the classroom.
* Describe orally about the pictures and objects.
* Familiarise with symbol words.
* Enjoy songs and sings them with rhythm and action.
* Familiarise the names of birds, animals their young ones and identifies them from pictures.

### June

* Introduce symbol words
* Provides picture cards.

### July

* Identify familiar words.
* Say familiar words.
* Read familiar words.
* Write familiar words.

### August

* Enjoy songs and sings them with rhythm and action.
* Describes orally about a pictures and objects using adjectives.

### September

* Read and write simple words & sentences.
* Provides picture cards and reading cards.

## October

* Introduce symbol picture descriptions.
* Make words chain, sentence chain.
* Make riddle.
* Describing words, rhyming words.
* Text book activities.

## November

* Prepare reading cards.
* Provide more opportunities to read, write and speak English.
* Write five English words daily.

## December

* Read and understand simple instructions in the classroom.
* Encourage digital reading.

## January

* Enjoy songs and sings them with rhythm and action.
* Make picture albums.
* Collect pictures of animals and its young ones.

## February

* Provide the opportunity to express myself in the classroom
* English assembly once in a week

## March

* Speak English fluently
* Read and write simple sentences.
* Picture reading and picture description.

# ഗണിതം
# ക്ലാസ് 1

ലക്ഷ്യങ്ങൾ

1.1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു

2.5വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

3.ഒരക്കസംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു

4.സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിലാക്കുന്നു

5.രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം,വ്യവകലനം

6.1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

7.ഒരക്ക സംഖ്യപാറ്റേൺ

രൂപീകരിക്കൽ

8.ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

1.സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു

2.സംഖ്യകാർഡ് നിർമ്മിക്കൽ

ജൂലൈ

1.ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു (മഞ്ചാടിസഞ്ചി)

2.സംഖ്യകാർഡ് തയ്യാറാക്കുന്നു

ഓഗസ്റ്റ്

1.1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു

2.കൂടുതൽ, കുറവ് തിരിച്ചറിയുന്നു

3.ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപെടുന്നു.

## സെപ്റ്റംബർ

1.സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ

2.ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകളും വ്യവകലന ക്രിയകളും നടത്തൽ

3.ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്ന തിരിച്ചറിവ്

4.സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

1.ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ

2.വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

3.ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

1.സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു

2.ഒരാക്കസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## ഡിസംബർ

1.സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ

2.ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

1.ഒരാക്കസംഖ്യയും രണ്ടക്ക സംഖ്യയുംതമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

2.സംങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു

3.1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

1.ഗണിത ആൽബം പി ടി എ യിൽ പ്രദർശിപ്പിക്കുന്നു

2. വിലവിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## മാർച്ച്

1.ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു

2.ഉല്ലാസഗണിതം പ്രവർത്തനങ്ങൾ

3.സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയുന്നു

# ക്ലാസ് - II

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

. വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

## ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

**Class:2**
**English**

Aim . : To speak, Read, & write English without any mistakes

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction

Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# ക്ലാസ് - II

# ഗണിതം

### ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

### മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

### ജൂൺ

1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

## ജൂലൈ

ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

## ആഗസ്റ്റ്

വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

വിലവിവരപട്ടിക തയ്യാറാക്കൽ

ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

"ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

## ഡിസംബർ

സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ

കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

## **ക്ലാസ് 3**
## **മലയാളം**

ലക്ഷ്യങ്ങൾ

. നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക

. സംസാരശേഷി

. സൃഷ്ടിപരമായ എഴുത്തും സംസാരവും ഉള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

. ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ സാധിക്കുക

പ്രവർത്തനങ്ങൾ

. ഭാഷ ഗെയിമുകൾ

. ആക്ഷൻ സോങ്സ്

. കഥ പറയൽ

. അധ്യാപിക ഭാവാത്മകമായി പറയുന്ന കഥ കേൾക്കൽ

. ഐസിടി ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ

. ചിത്ര വായന

. കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം- ക്ലാസ് അവതരണം

. അനുഭവ വിവരണം

. ചിത്രവിവരണം

. ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക

# പരിസര പഠനം

ലക്ഷ്യങ്ങൾ

. ചുറ്റുപാടിനെ അടുത്തറിയൽ

. പ്രകൃതി വിഭവ സംരക്ഷണം

. ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കാൻ

. ശുചിത്വ

ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്

പ്രവർത്തനങ്ങൾ

.പ്രകൃതി നടത്തം

. ചെടികൾ നിരീക്ഷിക്കുന്നു

. വിത്ത് മുളപ്പിക്കൽ നിരീക്ഷണം

. ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു

. കുറിപ്പ് തയ്യാറാക്കൽ

. ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം

. വ്യത്യസ്ത ജീവികളെ നിരീക്ഷിക്കുന്നു- വർഗീകരിക്കുന്നു - പട്ടികപ്പെടുത്തുന്നു

. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം

. ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം

. പരീക്ഷണം വീട്ടിനകത്തും

. ശാസ്ത്ര മാസികകൾ

. വാന നിരീക്ഷണം

. പോസ്റ്റർ രചന

. ബോധവൽക്കരണ ക്ലാസുകൾ

. ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ

# ഗണിതം

## ലക്ഷ്യം

. മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
. മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.
. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ, അവസരം ഒരുക്കൽ.
.മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ് ക്രിയകൾ ഉപയോഗപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

. സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.
. കിട്ടിയ സംഖ്യ വായിക്കാം.
. മറ്റുള്ളവർ സംഖ്യ വായിക്കുന്നു.
. സംഖ്യ നറുക്കെടുക്കുന്നു.
. കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഘ്യകൾ വായിക്കാൻ അവസരം.
. വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ.
. വ്യത്യസ്ത സംഖ്യകൾ നൽകുന്നു.
. ആരോഹണ ക്രമം ,അവരോഹണ ക്രമം എഴുതുക.
. ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.
. കളി നോട്ട് ഗ്രിൽഡ് ഉപയോഗിച്ച് 1,10 100,1000 ൻറെ കൂട്ടങ്ങൾ ആക്കി മാറ്റാം.
. സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.
. ക്ലാസ്സിൽ ഒരു കട /കച്ചവട കണക്ക്.
. ത്രാസ് , അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു. അളന്നെടുക്കുന്നു.
. കളിനോട്ട് ഉപയോഗപ്പെടുത്തൽ.
. വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
. കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.
. സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു.
. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം ,ഗുണനം ,ഹരണം.

# English

To speak read and write English without any mistakes.

To build up confidence in using English language.

LISTENING SKILL

Activities: Games, action songs, Hello English activities, conversations, skits, stories, use of ICT,Tongue twisters.

SPEAKING SKILL

•Picture reading

• Identifying the naming words from the picture •Identifying the action words from the picture

• using the name words and action words

• Trying to make simple sentences

•Making simple description about the picture

• Making sentence structure, self-intreoduction, English assembly

READING SKILL

•Newspaper reading

•Library books

•Reading and finding words activities

• Priming words

• Textbook activities

WRITING SKILL

•Word web

•Word chain

•Sentence chain

•Riddle making

•Conversation

•Add more lines

Develop the creating writing and express thoughts feelings Etc:

Writing skill-

•Description •Notice •Thoughts

•Developing stories

•Cookery notes

•news reporting

## Reading skill

• Newspaper reading

• Library books

•Book review

•Conversations Writing skill

•Skits

•Stories

•Use of ICT materials •Developing stories

•Reading diary

•Reading letters from friends

## Writing skill

•Diary

•Letter

•Announcements

To improve presentation in reading and writing :

• Newspaper reading

• Conversation and skits

• Reading stories, Diaries, letters Etc

•Writing Diaries, letters, announcements, Descriptions, thoughts, notice.

# ക്ലാസ് - 4
# മലയാളം

ലക്ഷ്യങ്ങൾ

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ അക്ഷര ചങ്ങാതി എന്ന പ്രവർത്തനം നമ്മുടെ വിദ്യാലയത്തിൽ സ്ഥിരമായി നടത്തി വരുന്നുണ്ട്. രാവിലെ 9 30 മുതലും ഉച്ചയ്ക്ക് 1 30 മുതലും ഈ പ്രവർത്തനം പ്രത്യേക മോഡ്യൂൾ തയ്യാറാക്കി നടത്തിവരുന്നു.

* കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

* ശരിയായ രീതിയിൽ സംഭാഷണം എഴുതുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു

* ഭാഷണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പിന്തുണ നൽകൽ

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് കുട്ടികളിലെ ലേഖനം വായന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സഭാകമ്പം മാറ്റിയെടുക്കുന്നതിനും

പ്രവർത്തനങ്ങൾ

* വിവിധ ശബ്ദങ്ങൾ കേൾപ്പിക്കൽ കേട്ട ശബ്ദങ്ങളെ കുട്ടിക്ക് ഉച്ചരിക്കാൻ അവസരം നൽകുന്നു ആവർത്തിച്ചു കേൾപ്പിക്കുന്നു

* അനുഭവങ്ങൾ പങ്കുവെക്കൽ

* ശബ്ദങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ

* ദൃക്സാക്ഷി വിവരണം, വിളംബരം, വാർത്തകൾ തുടങ്ങിയവ ക്ലാസ് മുറിയിൽ അവതരിപ്പിക്കാനും എഴുതാനും അവസരങ്ങൾ നൽകുന്നു

ഏകാഭിനയം,റോൾപ്ലേ, കഥാപ്രസംഗം തുടങ്ങിയ വാചിക അവതരണ സന്ദർഭങ്ങൾ ഒരുക്കുന്നു

* സർഗ്ഗ വേളകളിൽ ഏകാഭിനയം (റോൾപ്ലേ) പാഠഭാഗത്തിൽ നിന്നും വരുന്നത്

* വായനക്കൂട്ടം രൂപീകരിക്കൽ

* പരിചയപ്പെട്ട പുതിയ പദങ്ങൾ ചൊല്ലുകൾ പ്രയോഗങ്ങൾ എന്നിവ സ്വന്തം രചനയിൽ ഉൾപ്പെടുത്തുന്നു

* വാക്കുകളുടെ അർത്ഥം അർത്ഥവ്യത്യാസം പര്യായം നാനാർത്ഥം വിപരീദാർത്ഥം എന്നിവ കണ്ടെത്തുകയും അവ പ്രയോഗിക്കാനുള്ള സന്ദർഭങ്ങൾ പറഞ്ഞ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു

കവിതയുടെ ദൃശ്യവിഷ്കാരം ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. പിന്നോക്കകാർക്ക് കവിതയുടെ ആശയം വാചികമായി അവതരിപ്പിക്കാനും ചിത്രീകരിക്കാനും അവസരം

സാമൂഹിക പ്രശ്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യത്യസ്തമായ പോസ്റ്ററുകൾ നോട്ടീസ് പ്ലക്കാർഡുകൾ എന്നിവയുടെ നിർമ്മാണം

മലയാള നാടിൻറെ സവിശേഷതകൾ ഉൾക്കൊള്ളിച്ച് വർണ്ണന കുറിപ്പ് തയ്യാറാക്കൽ ചിത്രീകരികൽ

* പിന്നോക്കകാർക്ക് പദസൂര്യൻ ഉപയോഗിച്ച് വാക്കുകൾ കണ്ടെത്തി കൂട്ടുകാരുടെ സഹായത്തോടെ വ്യക്തിഗതമായി വർണ്ണന തയ്യാറാക്കുന്നു

പഴഞ്ചൊല്ല് വ്യാഖ്യാനം

* സാഹിത്യകാരന്മാരുമായി അഭിമുഖം സംവാദം എന്നിവ സംഘടിപ്പിക്കൽ

* വിദ്യാലയ പത്രം എല്ലാ മാസവും പ്രകാശനം ചെയ്യൽ

* റീഡേഴ്സ് തിയേറ്റർ നിർമ്മാണ ശില്പശാല പാട്ട് മലയാളം മധുരം പ്രവർത്തനങ്ങൾ

* വായനോത്സവം എല്ലാ മാസവും സംഘടിപ്പിക്കുന്നു

* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം

* വീട്ടു വായന കൂട്ടു വായന അമ്മ വായന ചങ്ങല വായന തുടങ്ങിയവയ്ക്ക് പ്രോത്സാഹനം നൽകുന്നു

* വായനാ മൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ വായനോത്സവം സംഘടിപ്പിക്കൽ

* ദൈനംദിന പത്രവായന

* പുസ്തക വായന, പുസ്തക ചർച്ച, പുസ്തക പരിചയം എഴുതൽ

* അക്ഷരങ്ങൾ ചിഹ്നം ഉറപ്പിക്കൽ അക്ഷരക്കാർഡ് തയ്യാറാക്കി വായനയ്ക്ക് അവസരം നൽകുന്നു

* വാക്കുകൾ എഴുതിയ കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു

*അടിക്കുറിപ്പ് തയ്യാറാക്കൽ കഥ പറയൽ

പദങ്ങൾ ചേർത്ത് വാക്യങ്ങൾ രൂപീകരിക്കൽ

* ഭാഷണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പിന്തുണകൾ നൽകി പോരായ്മകൾ തിരിച്ചറിഞ്ഞ് മുന്നേറാനുള്ള അവസരം നൽകൽ

* സാഹിത്യകാരന്മാർ മുതിർന്നവർ തുടങ്ങിയവരും ആയുള്ള അഭിമുഖങ്ങൾ

നിഘണ്ടു നിർമ്മാണം

* പ്രസംഗം പ്രഭാഷണം ചർച്ച സെമിനാർ ഉറക്കെയുള്ള വായന കവിതാലാപനം തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു

* പദങ്ങളും ചിത്രങ്ങളും ചേരുന്ന ഫ്ലാഷ് കാർഡുകൾ മാച്ചിംഗ് കാർഡുകൾ വാക്യങ്ങൾ എഴുതിയ ചാർട്ടുകൾ എന്നിവയെ ഉൾപ്പെടുത്തി യുള്ള പ്രവർത്തനങ്ങൾ

* ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കാൻ ചിത്രങ്ങളിലെ വ്യത്യാസങ്ങൾ കണ്ടെത്തി എഴുതൽ പദപ്രശ്നം പൂരിപ്പിക്കാൻ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു

അനുഭവക്കുറിപ്പ് ഡയറിക്കുറിപ്പ് കത്ത് കഥ തുടങ്ങിയ രചനകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും വ്യക്തിഗതമായി എഴുതുകയും പിന്നോക്കം നിൽക്കുന്നവർക്ക് വാചികമായി പറയാനും ചിത്രീകരിക്കാനും അവസരം നൽകുന്നു

* പാഠഭാഗത്തെ കഥ സംഭാഷണമാക്കി എഴുതുന്നു കവിതയെ കഥയാക്കി എഴുതുന്നു

# English

AIM

To speak, Read & write English without any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July

Pre test

To develop listening skills and reading skills.

Listening skills:

Games, Action songs.

- Hello English Activities
- conversations
- skit stories
- use ICT

speaking skills:-

Identify the naming words from the picture

- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

-Growing sentences, . picture reading, self introductions

August and september

- Develop the creative speaking and writing

Reading skills

Books reading

Find words

Collect and read past tense

Rhyming words

TB Activities

Writing Skills

make word web
picture description
Word chain
Make words & Sentencess
Make riddles, conversations
Add more lines.

October and November

To express thoughts, feelings etc....

Reading skills

-Library book reading
- Conversations, skit, Stories, use ICT
Read notice
Develop story

Writing Skills

- Description
- Thoughts

December and January.

Develop the creative speaking and writing.

Reading skills

- Library books reading
- Conversations ,skit Stories use ICT
- Develop story
- Reads dairy

Writing Skills

Dairy
Announcement

February and march

To improve the presentation power.

Reading Skills

Library books reading
Conversations, skit Stories
Develop story.

Writing Skills

- Dairy
- Descriptions
- Thoughts
- Exibition.

# പരിസര പഠനം

## ലക്ഷ്യങ്ങൾ

* ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.
* പ്രകൃതിയെ അറിയാൻ.
* ശാസ്ത്രാവബോധം വളർത്തുക.
* പ്രകൃതി വിഭവ സംരക്ഷണം.
* ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ.
* നിരീക്ഷണം-അറിവ് നിർമ്മാണം.
* ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ.
* കേരളം-ഇന്ത്യ ഭൂപട വായന, സൂചകങ്ങൾ പരിചയപ്പെടൽ.
* ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.
* ശാസ്ത്ര മൂല, ശാസ്ത്രയാത്ര, ഭൂപടം ഒരുക്കൽ, ശാസ്ത്ര വിസ്മയ ചുമർ, ശാസ്ത്രോത്സവം, ശാസ്ത്ര മാസിക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്ര പഠനം അന്വേഷണതയുള്ളതും ലളിതവും രസകരവുമാക്കി അറിവ് നിർമ്മാണം നടത്തൽ.

## പ്രവർത്തനങ്ങൾ

* ജീവ ലോകത്തെ വൈവിധ്യം, പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയുടെ പ്രാധാന്യങ്ങൾ തിരിച്ചറിയാനും വിശദീകരിക്കാനും പട്ടികപ്പെടുത്താനും കഴിയുന്നു.
* ചിത്ര വായന നിരീക്ഷണം സമീപപ്രദേശങ്ങളിലെ ആവാസവ്യവസ്ഥ നിരീക്ഷണം.
* ജീവികളുടെ ശാരീരിക സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.
* ജീവികളുടെ സഞ്ചാര രീതി മേനി പറച്ചിൽ മത്സരം.
* ജീവികളുടെ അനുകൂലനങ്ങൾ ജീവിയവും അജീവീയവുമായ ഘടകങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ.
* ജൈവവൈവിധ്യ പാർക്ക്, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം ഉറപ്പിക്കുന്നു.
* പോസ്റ്റർ രചന, വൃക്ഷത്തൈ നടൽ, ഔഷധത്തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്, പ്ലാസ്റ്റിക് നിരോധന പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ.
* സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഭാരതത്തിന്റെ ദുരാവസ്ഥ വിശദീകരിക്കുന്നു. (ഐസിടിയുടെ സഹായത്തോടെ)
* സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുന്നു പ്രചരണ വേഷം മത്സരം.
* രാഷ്ട്രപിതാവിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തുന്നു.
* സ്വാതന്ത്ര്യസമര സംഭവങ്ങൾ ദൃശ്യാവിഷ്കാരം, വീഡിയോ പ്രദർശനം.

* ഭൂപട വായന, ഭൂപട രചന, സൂചിക നിർമ്മാണം.
* സംസ്ഥാനങ്ങൾ തലസ്ഥാനങ്ങൾ കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവ പട്ടികപ്പെടുത്തുന്നു പദപ്രശ്നം പൂർത്തിയാക്കുന്നു.
* സംസ്ഥാനങ്ങൾ മാതൃഭാഷ പട്ടികപ്പെടുത്തുന്നു.
* സംസ്ഥാനങ്ങൾ കലാരൂപങ്ങൾ ചിത്രപ്രദർശനം, ശേഖരണം, പതിപ്പ് തയ്യാറാക്കൽ, വീഡിയോ പ്രദർശനം.
* ദേശീയ മുദ്രകൾ അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു.
* പക്ഷി ലോകത്തെ വൈവിധ്യം തിരിച്ചറിയുന്നു. പക്ഷികളെ നിരീക്ഷിക്കാനും ആസ്വദിക്കുവാനും ചുറ്റുപാടിനെ മനോഹരമാക്കുന്നതിൽ അവയുടെ പങ്ക് തിരിച്ചറിയുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു.
* ഇഷ്ടപ്പെട്ട പക്ഷിയെ പറ്റി, പറയൂ പറയൂ ഞാൻ ആര് - പക്ഷികളുടെ സവിശേഷതകൾ പറയിപ്പിക്കൽ.
* വിവിധതരം പക്ഷികൾ ചിത്രപ്രദർശനം.
* ദേശാടനപ്പക്ഷികൾ വീഡിയോ പ്രദർശനം, നിരീക്ഷണം.
* പക്ഷികളും അവയുടെ അനുകൂലനങ്ങളും പട്ടികപ്പെടുത്തുന്നു.
* പക്ഷികൾ ജൈവവൈവിധ്യം നിലനിർത്തുന്നു. വിത്ത് വിതരണം കീടനിയന്ത്രണം എന്നിവയെക്കുറിച്ച് ചർച്ച.
* കലകൾ കേരളീയ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു.
* കേരളീയ കലാരൂപങ്ങൾ ഐസിയുടെ സഹായത്തോടെ പരിചയപ്പെടുത്തൽ.
* അഭിമുഖങ്ങൾ - കലാകാരന്മാർ.
* കേരളീയ കലാരൂപങ്ങൾ പതിപ്പ് നിർമ്മാണം.
* കേരളീയ കലാരൂപങ്ങൾ സർഗ്ഗ വേളകളിൽ അവതരണം.
* വിവിധ കലകളുടെ വേഷവിധാനം ഐസിടിയുടെ സഹായത്തോടെ പരിചയപ്പെടുത്തുന്നു.
* സസ്യ ലോകത്തെ വൈവിധ്യം ഇലകളിൽ,വേര് പടലങ്ങളിൽ,ബീജപത്രങ്ങളിൽ എങ്ങനെ എന്ന് കണ്ടെത്തുന്നു.
* ചിത്ര വായന സസ്യങ്ങളുടെ പേരുകൾ, നിരീക്ഷണം, വേരുകളുടെ ശേഖരണം പ്രത്യേകതകൾ അവതരണം.
* പരിസര നടത്തം സസ്യ ശേഖരണത്തിനും വേരുപടല നിരീക്ഷണത്തിനും അവസരം ഒരുക്കൽ.
* തായ്‌വേര്,നാരു വേര് പടലങ്ങളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു.
* പരിസരം നടത്തം സസ്യശേഖരണം,ഇല ശേഖരണം.
* ഇലകളുടെ പ്രത്യേകതകൾ വാചികമായി അവതരിപ്പിക്കൽ. സമാന്തര സിരാവിന്യാസം ജാലിക സിരാവിന്യാസം പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു, ഇലകൾ തരംതിരിക്കുന്നു.
* ലഘുപരീക്ഷണം വിത്ത് മുളപ്പിക്കൽ.
* സസ്യങ്ങളുടെ പേര് സിരാവിയാസം ബീജപത്രം എന്നിവയായുള്ള പരസ്പരബന്ധം കണ്ടെത്തുന്നു, അവതരിപ്പിക്കുന്നു.
* ഖരം, ദ്രാവകം, വാതകം എന്നിവയുടെ പൊതുസ്വഭാവങ്ങൾ തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു ജലത്തിന്റെ അവസ്ഥ മാറ്റങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു.
* ഗരംദ്രാവകം വാതകം അവസ്ഥ മാറ്റം പരീക്ഷണം.

* പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.
* പരീക്ഷണം വീഡിയോ.
* ശാസ്ത്രോത്സവം.
* ഖരം,ദ്രാവകം, വാതകം എന്നീ അവസ്ഥകളുടെ പ്രത്യേകതകൾ കുട്ടികൾ പരീക്ഷണത്തിലൂടെ കണ്ടെത്തുന്നു അവതരിപ്പിക്കുന്നു.
* പ്രധാന ഊർജ്ജസ്രോതസ്സുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്ന ഐസിടിയുടെ സഹായത്തോടെ വീഡിയോ പ്രദർശനം.
* ആകാശ കാ ഴ്ചകളെക്കുറിച്ചും പ്രകൃതി പ്രതിഭാസങ്ങളെ കുറിച്ചും തിരിച്ചറിയുന്നു. കൃത്രിമ ഉപകരണങ്ങൾ ലളിതമായി നിർവചിക്കുന്നു, വിശദീകരിക്കുന്നു.
* പരീക്ഷണത്തിലൂടെ രാത്രി പകൽ എങ്ങനെ ഉണ്ടാകുന്നുവെന്ന് നിർവചിക്കുന്നു.
* ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ പരിചയപ്പെടുത്തുന്നു വീഡിയോ പ്രദർശനം.
* പൗർണമി അമാവാസി പരീക്ഷണങ്ങളിലൂടെ തിരിച്ചറിയുന്നു, ചിത്രങ്ങൾ വരയ്ക്കുന്നു, വീഡിയോ പ്രദർശനം.
* ഉപഗ്രഹങ്ങൾ കൃത്രിമ ഉപഗ്രഹങ്ങൾ പരിചയപ്പെടുത്തൽ.
* രാത്രിയിലെ ആകാശ നിർമ്മാണം.
* പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം കണ്ടെത്തുന്നു.
* വിവിധ അപകടങ്ങളെ കുറിച്ചുള്ള കൊളാഷ് തയ്യാറാക്കുന്നു.
* അപകടങ്ങൾ, അപകടസാധ്യതകൾ, നൽകേണ്ട പ്രഥമ ശുശ്രൂഷകൾ കുറിപ്പ് തയ്യാറാക്കുന്നു.
* പ്രഥമശുശ്രൂഷയെ കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.
* ക്ലാസ്സിൽ ഫസ്റ്റ് എയ്ഡ് ബോക്സ് നിർമ്മിക്കുന്നു.
* അഭിമുഖം - ഡോക്ടർമാർ.
* പഴയകാല വാർത്താവിനിമയെ സംവിധാനങ്ങൾ തിരിച്ചറിയാനും ആധുനിക വാർത്ത വിനിമയ രംഗത്തെ വളർച്ച രീതി തിരിച്ചറിഞ്ഞു വിശദീകരിക്കുന്നു.
* പുരാതനകാല വിവരവിനിമയ സമ്പ്രദായങ്ങൾ ആധുനിക വാർത്ത വിനിമയെ സംവിധാനങ്ങൾ പട്ടികപ്പെടുത്തുന്ന പ്രത്യേകതകൾ എഴുതുന്നു.
* പ്രായമായവരും ആയുള്ള അഭിമുഖം, വാർത്താവിനിമയെ സംവിധാനങ്ങൾ മേനി പറച്ചിൽ.
* വാർത്താവിനിമയെ ഉപകരണങ്ങൾ പ്രത്യേകതകൾ ചിത്രങ്ങൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു.
* പൊതു സ്ഥാപനങ്ങൾ പരിചയപ്പെടുത്തുന്നു.
* പൊതു സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും പട്ടികപ്പെടുത്തുന്നു.
* വിദ്യാലയ സമീപത്തെ പൊതുസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ ഫീൽഡ് ട്രിപ്പിലൂടെ നിരീക്ഷിച്ച് മനസ്സിലാക്കുന്നു.

# ഗണിതം

ലക്ഷ്യങ്ങൾ

* ദൈനംദിന ജീവിത പ്രശ്നങ്ങൾ ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം.

* മറ്റു വിഷയങ്ങളുമായി ബന്ധപ്പെടുത്തി ഗണിതശേഷികൾ നേടുന്നതിന് സഹായകരമാക്കുക

* കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന്

* നിത്യ ജീവിതത്തിലെ പ്രശ്നപരിഹാരത്തിന് ഗണിതത്തെ കൂടുതൽ ഉപയോഗപ്പെടുത്തുന്നു

* ഗവേഷണ പ്രവർത്തനങ്ങളിൽ താല്പര്യമുണ്ടാക്കുന്നു

* വസ്തുതകളെ ഗണിതശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് നേടുന്നു

* കൃത്യതയോടും സൂക്ഷ്മതയോടും ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുന്നു

* ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ കൂടുതൽ ഉപയോഗിക്കാൻ കഴിയുന്നു

*പ്രവർത്തനങ്ങൾ*

* എല്ലാ കുട്ടികൾക്കും നിശ്ചിത നിലവാരത്തിൽ സംഖ്യ പാദം ഉറപ്പാക്കാൻ ആദ്യഘട്ടം ഒന്നു മുതൽ ആയിരം വരെയും രണ്ടാംഘട്ടത്തിൽ ആയിരം മുതൽ പതിനായിരം വരെയും ഉൾപ്പെടുത്തുന്നു

* എല്ലാ കുട്ടികളും ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുക

* വിവിധ അളവുകളുമായി ബന്ധപ്പെട്ട ഘടകങ്ങൾ എല്ലാവരും അറിയുകയും ബന്ധപ്പെട്ട ക്രിയകളിൽ പ്രാവിണ്യം നേടുകയും ചെയ്യുക

* സമയവുമായി ബന്ധപ്പെടുത്തി എ എം പി എം മണിക്കൂർ ക്ലോക്ക് എന്നിവയും കലണ്ടറിൽ നിന്ന് ശകവർഷം കൊല്ലവർഷം ഹിജ്റ വർഷം ഇവയ്ക്കൊപ്പം അധിക വർഷവും കണ്ടെത്തുന്നു

* വിവിധ ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിനും പ്രത്യേകതകൾ മനസ്സിലാക്കുന്നതിനും കുട്ടികൾ കഴിവ് നേടുന്നു

* എല്ലാ കുട്ടികളും നാണയങ്ങളും നോട്ടുകളും തിരിച്ചറിയുന്നതിനും നിത്യജീവിതത്തിൽ അത് പ്രയോജനപ്പെടുത്തുന്നതിന് കഴിയുന്നു.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

ഒന്നാം ദിവസം

ലക്ഷ്യം: കുട്ടികൾ പരസ്പരം അറിയാനും സൗഹൃദം സ്ഥാപിക്കാനും അവസരം ഒരുക്കുക, വിദ്യാലയത്തെ പരിചയപ്പെടുക, അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കുക

പ്രവർത്തനം

* കുട്ടി വിദ്യാലയവും വിദ്യാലയ പരിസരവും നിരീക്ഷിക്കുന്നു.

* അവധിക്കാല അനുഭവങ്ങൾ ക്ലാസിൽ പങ്കുവെക്കുന്നു.

* അവധിക്കാല അനുഭവം പതിപ്പ് തയ്യാറാക്കുന്നു.

രണ്ടാം ദിവസം

ലക്ഷ്യം : റോഡിലൂടെയുള്ള സഞ്ചാരം സ്കൂൾ വാഹനം ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

പ്രവർത്തനങ്ങൾ

* റോഡിലൂടെ നടക്കേണ്ട രീതി റോഡ് മുറിച്ച് കടക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് കാര്യങ്ങൾ സ്കൂൾ വാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെ കുറിച്ച് ചർച്ച ചെയ്യുന്നു.

* റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സിഗ്നൽസിന്റെ വീഡിയോസ് കാണിക്കുന്നു.

* റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സൈൻബോർഡ് നിർമ്മിക്കുന്നു.

## മൂന്നാം ദിവസം

ലക്ഷ്യം : വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യം തിരിച്ചറിയുന്നു. പ്രവർത്തനങ്ങൾ

* വ്യക്തി ശുചിത്വത്തെത്തെക്കുറിച്ചും പരിസരത്തെക്കുറിച്ചും ക്ലാസിൽ ഒരു ബോധവൽക്കരണ ക്ലാസ് നൽകുന്നു. സർവ്വേ നടത്തുന്നു.
* പ്രകൃതി നടത്തം സംഘടിപ്പിക്കുന്നു. സ്കൂളും പരിസരവും ഓഫീസ് റൂം അടുക്കള കൈകഴുകുന്ന സ്ഥലം ടോയ്ലറ്റ് എന്നിവ നിരീക്ഷിക്കുന്നു ചർച്ച നടത്തുന്നു.
* മാലിന്യങ്ങളെ നാലായി തരംതിരിച്ച് വയ്ക്കുന്നു.
* സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പൂന്തോട്ടം അടുക്കളത്തോട്ടം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

## നാലാം ദിവസം

ലക്ഷ്യം: പൊതു ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തുന്നു.

പ്രവർത്തനങ്ങൾ

* നല്ല ആഹാരശീലങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നു.
* aerobic exercises ക്ലാസിൽ ചെയ്യിക്കുന്നു.
* സമീകൃത ആഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുന്നു.

## അഞ്ചാം ദിവസം

ലക്ഷ്യം : കുട്ടികൾ പലതരം ഡിജിറ്റൽ ഉപകരണങ്ങളും സാമൂഹ്യ മാധ്യമങ്ങളും ഉപയോഗിക്കുന്നുണ്ട്. അവ വിവേകത്തോടും, വിവേചന ബുദ്ധിയോടും കൂടി എങ്ങനെ ഉപയോഗിക്കാം എന്നുള്ള ധാരണ നൽകുന്നു.

പ്രവർത്തനങ്ങൾ

* ഡിജിറ്റൽ അച്ചടക്കത്തെ കുറിച്ചുള്ള ഒരു ബോധവൽക്കരണ ക്ലാസ് നൽകുന്നു.

* ഡിജിറ്റൽ ഉപയോഗത്തിന്റെ ഗുണവും ദോഷവും സംവാദം നടത്തുന്നു.

## ആറാം ദിവസം

ലക്ഷ്യം: പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് ബോധ്യപ്പെടുന്നു.

പ്രവർത്തനങ്ങൾ

* സ്വന്തം സാധനങ്ങൾ അടുക്കും ചിട്ടയോടും കൂടിയുള്ള സൂക്ഷിക്കൽ

* സ്കൂളും ചുറ്റുപാടും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഏഴാം ദിവസം

ലക്ഷ്യം: പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.

പ്രവർത്തനങ്ങൾ

* പരസ്പരം സഹായിക്കുന്ന കുട്ടികളുടെ കഥ അധ്യാപിക ക്ലാസിൽ പറയുന്നു തുടർന്ന് കുട്ടികൾക്ക് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ അവസരം നൽകുന്നു.

## എട്ടാം ദിവസം

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടത്തിയ പ്രവർത്തനങ്ങളുടെ പൊതു ക്രോഡീകരണം നടത്തുന്നു.

* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടത്തിയ പ്രവർത്തനങ്ങളുടെപഠനോല്പന്നങ്ങൾ പ്രദർശനം നടത്തുന്നു.

## ഗോത്ര വിഭാഗം കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ

* ഗോത്ര വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനുള്ള മാർഗങ്ങൾ

* ഹാജർ നില മെച്ചപ്പെടുത്താൻ

* ഗോത്ര വിഭാഗം കുട്ടികളുടെ ആത്മവിശ്വാസം വളർത്തിയെടുക്കൽ

* കുട്ടികളുടെ വായനാശീലം വളർത്തിയെടുക്കൽ, വായനയിലേക്ക് ആകർഷിച്ചാൻ ചിത്ര വായനയിലൂടെ കുട്ടിക്ക് കാര്യങ്ങൾ ഗ്രഹിക്കാനുള്ള താൽപര്യം വളർത്തിയെടുക്കാൽ.

* ആത്മവിശ്വാസം വളർത്തിയെടുക്കൽ

* പഠന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കൽ

പ്രവർത്തനങ്ങൾ

* എല്ലാദിവസവും ഉച്ചയ്ക്ക് കുട്ടികൾക്ക് വായന ലേഖന പ്രവർത്തനങ്ങൾ രസകരമായ കളികളിലൂടെ നടപ്പിലാക്കൽ.

* കുട്ടികൾക്ക് സ്വന്തം ഭാഷയിൽ സംസാരിക്കുന്നതിനുള്ള കൂടുതൽ അവസരം നൽകൽ.

* ഗോത്ര അസംബ്ലി

* ഗോത്ര ഫെസ്റ്റ്

* ഒപ്പരം പ്രവർത്തനങ്ങൾ

* ഉന്നതികളിലെ ആഘോഷങ്ങൾ

* പഠനയാത്ര

* അക്ഷരക്കാർഡ് നിർമ്മാണം

* ശില്പശാല

* തുടിതാളം (എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികൾക്ക് അവരുടെ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകൽ.)

# ഒന്നാം ക്ലാസ് പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ

## മലയാളം

പ്രാഗ് ലേഖനം

അക്ഷര ചിത്രങ്ങൾ വരയ്ക്കാം

കൊളാഷ് നിർമ്മാണം

അക്ഷരപ്പാട്ട് ICT VIDEO

## ഗണിതം

നമ്പർ ചിത്രങ്ങൾ

മുത്തുകൾ കമ്പുകൾ ചിത്രം വര ഉപയോഗിച്ച് എണ്ണം

സംഖ്യാ പാട്ട് ICT VIDEO

## English

Rhymes

Action song

Picture reading

Reading Card

# രണ്ടാം ക്ലാസ് പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ

ഭാഷ

അക്ഷരക്കാർഡ്

അക്ഷരച്ചിത്രങ്ങൾ

മണലിലെഴുത്ത്

ചിത്രക്കാർഡ്

കഥാ വായന

ചുവരെഴുത്ത്

കണ്ടെത്തി വായന

പത്രത്തിൽ നിന്ന് അക്ഷരങ്ങൾ തിരിച്ചറിയൽ

പരിസര പഠനം

ചിത്രവായന

വാതിൽ പുറപഠനം

മോഡൽസ്

ഫീൽഡ് ട്രിപ്പ്

ഗണിതം

സംഖ്യാ കാർഡ്

. സ്ഥാനവില പോക്കറ്റ്

ഡൈസ് കളി

കാർഡ് കളി

വരച്ച് യോജിപ്പിക്കാം

സംഖ്യാ പാറ്റേൺ

സംഖ്യാ വ്യാഖ്യാനം

. സാഖ്യാ റിബൺ

ചിത്രങ്ങളും, സംഖ്യകളും

അബാക്കസ്

എണ്ണാം എഴുതാം

# മൂന്നാം ക്ലാസ് പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ

## മലയാളം

അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കുന്നു.

ചിത്ര കാർഡുകൾ കാണിച്ച് ചിത്രത്തിൽ കാണുന്നവയുടെ പേരുകൾ എഴുതിപ്പിക്കുന്നു.

ചിത്രങ്ങൾ നോട്ട്ബുക്കിൽ ഒട്ടിച്ച് അവയുടെ പേരുകൾ എഴുതുന്നു. ഉദാ

## ഇംഗ്ലീഷ്

ഇംഗ്ലീഷ് ക്യാപ്പിറ്റൽ സ്മാൾ ലെറ്റർ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

ജീവികളുടെ ചിത്രങ്ങൾ കാണിച്ച് ഇംഗ്ലീഷിൽ പേരുകൾ എഴുതുകയും പറയുകയും ചെയ്യുന്നു.

Phonic സൗണ്ടുകൾ പരിചയപ്പെടുത്തി വായിക്കാൻ പരിശീലിപ്പിക്കുന്നു.

## ഗണിതം

1 മുതൽ 100 വരെ എണ്ണാനും എഴുതാനും പരിശീലിപ്പിക്കുന്നു.

മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സങ്കലനം വ്യവകലനം എന്നിവ പരിശീലിപ്പിക്കുന്നു.

## പരിസരപഠനം

ഫീൽഡ് ട്രിപ്പ് നടത്തി നിരീക്ഷണത്തിലുള്ള അവസരം ഒരുക്കുന്നു.

കണ്ട കാഴ്ചകൾ തരംതിരിച്ച് പറയാൻ അവസരം നൽകുന്നു

# നാലാം ക്ലാസ് പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ

മലയാളം

അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കുന്നു.

. ചിത്ര കാർഡുകൾ കാണിച്ച് ചിത്രത്തിൽ കാണുന്നവയുടെ പേരുകൾ എഴുതിപ്പിക്കുന്നു.

ചിത്രങ്ങൾ നോട്ട്ബുക്കിൽ ഒട്ടിച്ച് അവയുടെ പേരുകൾ എഴുതുന്നു. ഉദാ: ആന, ആമ

ചിത്രങ്ങൾ നൽകി വർണ്ണന തയ്യാറാക്കൽ

ചിത്ര വായന വാക്കുകൾ എഴുതുകയും വായിക്കുകയും വാചകങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു ചെയ്യുന്നു.

അക്ഷര ചങ്ങാതി പ്രവർത്തനങ്ങൾ

അക്ഷരമരം

. പദസൂര്യൻ തയ്യാറാക്കി കുറിപ്പുകൾ തയ്യാറാക്കുന്നു.

English

ഇംഗ്ലീഷ് ക്യാപ്പിറ്റൽ സ്മാൾ ലെറ്റർ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

ജീവികളുടെ ചിത്രങ്ങൾ കാണിച്ച് ഇംഗ്ലീഷിൽ പേരുകൾ എഴുതുകയും പറയുകയും ചെയ്യുന്നു.

Phonic സൗണ്ടുകൾ പരിചയപ്പെടുത്തി വായിക്കാൻ പരിശീലിപ്പിക്കുന്നു

വേർഡ് web നൽകി ചെറിയ description തയ്യാറാക്കുന്നു.

. വാക്കുകൾ disorder ആയി നൽകി rearrange ചെയ്തു sentence ആക്കുന്നു.

Puzzles

Riddles

Simple Conversation

## അറബിക് മധുരം

## വായനാ ലോകം

കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ

നല്ലവായനക്കാരനാക്കുക

പ്രവർത്തനം

തെരഞ്ഞെടുത്ത ലളിതമായഅറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)

പുസ്തകങ്ങൾ:

ചിത്ര കഥ (അറബിക്)

കഥ പുസ്തകം (അറബിക്)

കുട്ടിക്കവിതകൾ (അറബിക്)

വിവരണ ബുക്കുകൾ (അറബിക്)

അറബിക് ക്വിസ്

ക്ലാസ്സ് വായന:

ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു

ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക

വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക

കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക

കാലയളവ് :

6 മാസം

ഭൗതികം

പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി

ആസ്വാദന ലോകം

ലക്ഷ്യം:

സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

പ്രവർത്തനം

ആസ്വാദന സഭ:

പാടാനും പറയാനും കഴിയുന്ന മികച്ചപ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനുംശ്രവിക്കാനും അവസരം സൃഷിട്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ... ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം.....

കാഴ്ച്ചയും കേൾവിയും:

നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം.

3. ഉദാഹരണം:

ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ,ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെൻ്ററികൾ

കാലയളവ്

6 മാസം

ഭൗതികം

സ്കൂൾ ഹാൾ

ലാംഗ്വേജ് ലാബ്

എൽ.സി.ഡി കമ്പ്യൂട്ടർ

അറബിക് അസംബ്ലി

ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക

ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക

ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക

പുസ്തകം പരിചയപ്പെടുത്തൽ

സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ

ദിനാചരണങ്ങൾ

* സ്കൂളി നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകൻറെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു

* നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ളപോസ്റ്ററുകൾ നിർമ്മിക്കുന്നു

അന്താരഷ്ട്ര അറബിക് ദിനത്തിലോ മറ്റോ ഒരു ഫുൾഡേ/ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക

കാര്യപരിപാടികൾ:

ഉത്ഘാടനം

ആദരിക്കൽ (ഇത് വരെ സ്കൂളിൽ ളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)

മികച്ച അറബിക് കലാ അവതരണം

തൊട്ടടുത്ത അറബിക്

കവി/സാഹിത്യകാരൻ/പണ്ഡിതനെ, പങ്കെടുപ്പിക്കൽ ആദരിക്കൽ

തെരഞ്ഞെടുത്ത അറബിക് ഡോക്യുമെൻ്ററി/ ആനിമേഷൻ പ്രദർഷനം

അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം. ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)